സ്ഥാപിച്ചുകഴിഞ്ഞു. 170 കുതിരശക്തിയുള്ള 2 റോ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്തുകഴിഞ്ഞു. ജലശുദ്ധീകരണശാല നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 4.50 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതലസംഭരണി, ഭൂതല സംഭരണിയിൽനിന്നും ചുനക്കരയിലേക്കുള്ള 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചു.

പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചുവരുന്നു. കൂടാതെ, ശുദ്ധീകരണശാലയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനായി ഒരു സബ്സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(സി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനനുസൃതമായി പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. ആറുമാസംകൊണ്ട് പദ്ധതി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീമതി രമാദേവി എസ്. നൽകിയിരുന്ന ഫാമിലി പെൻഷൻ സംബന്ധിച്ച അപേക്ഷ

130 (2339) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിൽ ജോലിചെയ്തുവെ മരണമടഞ്ഞ വ്യക്തിയുടെ ഫാമിലി പെൻഷൻ അവിവാഹിതയായ പെൺമക്കൾക്ക് കിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രമാദേവി, എസ്., മാഞ്ഞൂർ നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതി തീർപ്പാകുന്നതിന് എന്തെങ്കിലും ഭരണപരമായോ സാങ്കേതികമായോ തടസ്സം ഉണ്ടെങ്കിൽ അതുകൂടി അറിയിക്കാമോ ; പ്രസ്തുത നിവേദനം ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ ; നിവേദനത്തിന്റെ ജലവിഭവ വകുപ്പിലെയും ചീഫ് എഞ്ചിനീയറുടെ ഓഫീസിലെയും ഫയൽ നമ്പർ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രീമതി രമാദേവി, എസ്., മാഞ്ഞൂർ നൽകിയിരുന്ന നിവേദനത്തിന്റെ പകർപ്പ് പാലാ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുടർ നടപടികൾക്കായി ചീഫ് എഞ്ചിനീയർ (ഐ&എ)

LIBRARY ARCHIVES Kerala Legislative Assembly

അയച്ചുകൊടുത്തിട്ടുണ്ട്. പെൻഷൻ പേപ്പർ തയ്യാറാക്കുന്നതിനുവേണ്ടി പെൻഷൻ ബുക്കുകൾ വാങ്ങി സമർപ്പിക്കുവാൻ അപേക്ഷകയ്ക്ക് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ വിഷയം തീർപ്പാക്കുന്നതിൽ ഭരണപരമായോ സാങ്കേതികമായോ യാതൊരു തടസ്സവുമില്ല. പ്രസ്തുത നിവേദത്തിന്മേൽ ഇപ്പോൾ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലെ എ1 387/15 എന്ന നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിൽ ഇതുസംബന്ധിച്ച രേഖകളൊന്നും ലഭിച്ചിട്ടില്ല.

ചേലക്കര മണ്ഡലത്തിൽ പൈങ്കുനം തടയണ നിർമ്മാണത്തിന് ഭരണാനുമതി വൈകൽ

131 (2340) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ പൈങ്കുനം തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തടയണ നിർമ്മാണത്തിന് ആദ്യം ഭരണാനുമതി നൽകിയ തുക എത്രയാണെന്നും രണ്ടാമത് പുതുക്കിയ ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) സാങ്കേതികാനുമതി നൽകാൻ വലിയ കാലതാമസമെടുത്തതുകാരണം വീണ്ടും പുതുക്കിയ നിരക്കിൽ തുക വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകില്ലേയെന്നതു സംബന്ധിച്ച വിശദീകരണം നല്കുമോ ;

(ഇ) ഇപ്രകാരം അകാരണമായ കാലതാമസം വരുത്തി പദ്ധതി തുക വർദ്ധിപ്പിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന് കാലതാമസം വരുത്തുന്നതിനുമുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) പൈങ്കുളം തടയണ നിർമ്മാണത്തിന് 2-11-2009-ലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ 1226/2009/ജവിവ പ്രകാരം മലബാർ ഇറിഗേഷൻ പാക്കേജ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുതുക്കിയ ഷെഡ്യൂൾ നിലവിൽ വന്നതുമൂലം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ചതിനാൽ

LIBRARY ARCHIVES Kerala Legislative Assembly